അധ്യായം
മൂന്ന്

**മേ**രിയെ റെയിൽവേ സ്റ്റേഷനിൽ വിട്ട്, തിരിച്ചുവന്ന് ഗേറ്റ് തുറക്കുമ്പോൾ മനസ് പ്രക്ഷുബ്ധമായിരുന്നു,അലകളിളകും കടൽ പോലെ. വിറയ്ക്കുന്ന കൈകളോടെയാണ് പോർച്ചിൽ കിടന്ന പത്രമെടുത്ത് നിവർത്തിയത്. 'കോർപറേഷൻ മാനേജർ ജേക്കബ് ഐ.എ.എസ് കൈക്കൂലിക്കേസിൽ സസ്പെൻഷനിൽ'-. പ്രതീക്ഷിച്ചതുപോലെ പത്രത്തിന്റെ ഫ്രണ്ട് പേജിൽ താഴത്തെ കോളത്തിൽ ചിത്രം സഹിതം വാർത്തയുണ്ട്. സംഭവത്തെകുറിച്ചുള്ള മുഴുവൻ വിവരങ്ങളും വിശദമായി നൽകിയിരിക്കുന്നു.

ജോലിക്കാരി അന്നാമ്മച്ചേടത്തി ഒരുകപ്പ് ചായ മേശമേൽ കൊണ്ടുവച്ചു പറഞ്ഞു, "സർ, ......ചായ".ജേക്കബ് ചായയെടുത്ത് കുടിച്ചുകൊണ്ട് വീണ്ടും പത്രത്തിലേക്ക് കണ്ണോടിച്ചു.ടൂറിസം സെക്രട്ടറിയായിരിക്കെ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകളും വിശദമായി നൽകിയിട്ടുണ്ട്. ടൂറിസം വികസനത്തിന് നൽകിയ സംഭാവനകളുടെ പേരിൽ കേന്ദ്രടൂറിസം ബോർഡിന്റെ പ്രത്യേക അംഗീകാരം ലഭിച്ചകാര്യവും അക്കൂട്ടത്തിലുണ്ട്.. സത്യസന്ധതയും നൈർമല്യവും ജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത പ്രതിസന്ധിവേളയിൽ ജേക്കബിന് ഒന്നുകൂടി ബോധ്യപ്പെട്ടു. മൂല്യങ്ങളും ഉത്തരവാദിത്വങ്ങളും ദേശസ്നേഹവും ചെറുപ്പം മുതലേ ശീലിച്ചതാണ്. ഇന്നും അതൊന്നും മറന്നിട്ടില്ല,.സ്കൂൾ ക്ലാസുകളിൽ പഠിക്കുമ്പോൾ സോഷ്യൽസ്റ്റഡീസ് ഇഷ്ട വിഷയമായിരുന്നു. സ്കൂൾവിട്ടുവന്ന് കളിയും വിശ്രമവുമൊക്കെ കഴിഞ്ഞ് പുസ്തകവുമെടുത്ത് വല്യപ്പച്ചന്െറ മുന്നിൽ പഠിക്കാൻ ചെന്നിരിക്കും.അവിടെയിരുന്നാൽ പിന്നെ കഥകളുടെയും ചരിത്രത്തിന്റെയും ലോകത്താകും സമയം നീങ്ങുക...ഗാന്ധിജി, പണ്ഡിറ്റ് നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ... ബ്രിട്ടീഷുകാർക്കെതിരെ പോരാടി സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാക്കളെകുറിച്ചൊക്കെ വല്യപ്പച്ചൻ കഥകളേറെ പറയും..അക്കഥകളൊക്കെ ചെറുപ്പകാലത്ത് മനസിനെ ദീപ്തമാക്കിയിരുന്നു. സത്യസന്ധതയ്ക്കും ആത്മാർഥതയ്ക്കും പേരുകേട്ട നേതാക്കളുടെയും ഐ.സി.എസ് ഭരണാധികാരികളുടെയും ഓർമകൾ പോലും സിരകളിൽ ദേശസ്നേഹം നിറയ്ക്കുന്നതായിരുന്നു...കെട്ടുറപ്പുള്ളൊരു ജനാധിപത്യരാജ്യമായി ഇന്ത്യയെ പടുത്തുയർത്താൻ പണിപ്പെട്ട ബഹുശതം നേതാക്കളെ ഇന്നത്തെ തലമുറ മറന്നു കഴിഞ്ഞു. ആദർശങ്ങളിലൊന്നും പുതുതലമുറയ്ക്ക് താൽപര്യമില്ല.. അഴിമതിയും ഗ്രൂപ്പ് രാഷ്ട്രീയവും ഇന്ത്യൻ രാഷ്ട്രീയത്തെ കാർന്നുതിന്നുന്നു. സ്വാതന്ത്ര്യസമരകാലത്തെ നേതാക്കളുടെ ആദർശശുദ്ധിയോ മൂല്യബോധമോ ഇന്നത്തെ തലമുറയ്ക്ക് കേട്ടുകേൾവി പോലുമില്ല.വല്യപ്പച്ചനിൽ നിന്ന് സ്വാതന്ത്ര്യസമരചരിത്രമൊക്കെ കേൾക്കെ മനസ് ദേശസ്നേഹം കൊണ്ട് തുടിച്ചിരുന്നു..യുദ്ധങ്ങളുടെയും ദുരിതങ്ങളുടേതുമായിരുന്നു അക്കാലം.യുദ്ധമെന്ന് കേട്ടപ്പോൾ വല്ലാതെ ഭയന്നിരുന്നുവെന്ന് വല്യപ്പച്ചൻ പറഞ്ഞിട്ടുണ്ട്.

1939 സെപ്റ്റംബറിലായിരുന്നു രണ്ടാം ലോകമഹായുദ്ധത്തിന് തുടക്കം. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ വഴിത്തിരിവായി അത് മാറാൻ സമയമേറെ വേണ്ടിവന്നില്ല.സഖ്യകക്ഷികളുടെ ഭാഗം ചേർന്ന് ഇന്ത്യയും യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ബ്രിട്ടീഷ് ഗവൺമെന്റ് പ്രഖ്യാപിച്ചപ്പോൾ ഇന്ത്യയിൽ അസ്വസ്ഥതകളുടെ തുടക്കമായി.ഇന്ത്യൻ പ്രതിനിധികളോട് ആലോചിക്കാൻ പോലും കൂട്ടാക്കാതെയായിരുന്നു അവരുടെ തീരുമാനം. ബ്രിട്ടനെതിരെ അണിനിരന്ന ജർമനിയോടും ഇറ്റലിയോടും ഇന്ത്യയ്ക്ക് അനുഭാവമൊന്നും ഉണ്ടായിരുന്നില്ല. സാമ്രാജ്യത്വ താൽപര്യങ്ങൾക്കുവേണ്ടിയാണ് ബ്രിട്ടൻ യുദ്ധം ചെയ്യുന്നത് എന്നുള്ള വിശ്വാസത്തിൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ യുദ്ധ സന്നാഹങ്ങളിൽ സഹകരിക്കേണ്ടതില്ലെന്ന് കോൺഗ്രസ് തീരുമാനിച്ചിരുന്നു. ഇന്ത്യയിൽ ഉടനെ അധികാരകൈമാറ്റം നടത്തണമെന്നും അവർ ആവശ്യപ്പെട്ടു. ലോകജനതയുടെ സ്വാതന്ത്ര്യത്തിനും ജനാധിപത്യതാൽപര്യങ്ങൾക്കുമായാണ് യുദ്ധമെന്ന് സഖ്യകക്ഷികൾ പ്രഖ്യാപിച്ചു കൊണ്ടിരുന്നു. ഈ ലക്ഷ്യങ്ങൾ ഇന്ത്യയ്ക്ക് കൂടി ബാധകമാക്കി ആത്മാർഥത തെളിയിക്കണമെന്ന കോൺഗ്രസിന്റെ ആവശ്യം ബ്രിട്ടീഷ് ഭരണാധികാരികൾ തള്ളി. കോൺഗ്രസിന്റെ ആവശ്യത്തോട് ബ്രിട്ടീഷ് ഭരണാധികാരികളുടെ നിഷേധാത്മകനിലപാടിൽ പ്രതിഷേധിച്ച് 1937ലെ തിരഞ്ഞെടുപ്പിലൂടെ രൂപം കൊണ്ട കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചൊഴിഞ്ഞു.

ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റന്റ് ചർച്ചിലും യു.എസ് പ്രസിഡന്റ് ഫ്രാങ്ക്ലിൻ റൂസ്‌വെൽറ്റും 1940 ഓഗസ്റ്റിൽ ഒപ്പുവച്ച് അറ്റ്ലാന്റിക് ചാർട്ടർ, സ്വാതന്ത്ര്യം നഷ്ടപ്പെട്ട ലോകരാഷ്ട്രങ്ങൾക്ക് സ്വയം ഭരണാവകാശം തിരിച്ചു നൽകുമെന്ന് പ്രഖ്യാപിച്ചരുന്നു. പക്ഷേ ഈ അവകാശം ഇന്ത്യക്കാർക്ക് അനുവദിക്കില്ലെന്ന് ചർച്ചിൽ ബ്രിട്ടീഷ് പാർലമെന്റിൽ, പ്രമാണത്തെകുറിച്ച് ചെയ്ത പ്രസ്താവനയിൽ പറഞ്ഞു.ഒരു മുസ്ലീംമതാധിഷ്ടിത രാഷ്ട്രം രൂപീകരിക്കുന്നതിനായി ഇന്ത്യയെ രണ്ടായി വിഭജിക്കണമെന്ന വാദഗതികൾ ശക്തമായിത്തുടങ്ങിയിരുന്നു ഇക്കാലത്ത്.

ജപ്പാൻ സൈന്യം സിംഗപ്പൂർ, മലയ, ബർമ തുടങ്ങിയ രാജ്യങ്ങൾ പിടിച്ചടക്കി ഇന്ത്യൻ അതിർത്തിവരെ എത്തിയിരുന്നു ഈ സമയത്ത്. ലേബർ കക്ഷി നേതാവായ സർ സ്റ്റാഫോർഡ് ക്രിപ്സിനെ ഭരണപരിഷ്കാരത്തിനുള്ള പദ്ധതിയുമായി ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിലേക്കയച്ചത് ഇക്കാലത്താണ്. ഗാന്ധിയു

ടെയും നെഹ്റുവിന്റെയും സുഹൃത്തായിരുന്ന ക്രിപ്സ് 1942 മാർച്ച് 22ന് ഡൽഹിയിലെത്തി. യുദ്ധാവസാനത്തോടെ ഇന്ത്യ ബ്രിട്ടീഷ് കോമൺവെൽത്തിൽ നിന്നും വിട്ടുപോകാനുള്ള അവകാശത്തോടു കൂടിയ ഡൊമിനിയനായി തീരും എന്നതടക്കം വ്യവസ്ഥകൾ പലതുണ്ടായിരുന്നു പദ്ധതിയിലെങ്കിലും കോൺഗ്രസ് പദ്ധതി തിരസ്കരിച്ചു. പദ്ധതി പ്രകാരം മുസ്ലീംലീഗിന്റെ സ്വപ്നത്തിലുണ്ടായിരുന്ന പാക്കിസ്ഥാൻ രൂപീകൃതമാകുന്നില്ലെന്നതിനാൽ മുസ്ലീം ലീഗും പദ്ധതിയെ എതിർത്തു.ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിലിന് ക്രിപ്സ് പദ്ധതിയോട് യോജിപ്പുണ്ടായിരുന്നില്ല. ഇന്ത്യൻ നേതാക്കളുമായി ക്രിപ്സ് നടത്തിയ അവസാന സംഭാഷണങ്ങളിൽ, കൂടുതൽ അധികാരം നൽകി വിട്ടുവീഴ്ചയ്ക്ക് തയാറായിരുന്നു. ചർച്ചകൾ വിജയത്തോടടുക്കെ ഇതിൽ താൽപര്യമില്ലായിരുന്ന ചർച്ചിൽ ക്രിപ്സിനെ ഇംഗ്ലണ്ടിലേക്ക് വിളിച്ചു.ഇതോടെ ദൗത്യം പൊളിഞ്ഞു.

ക്രിപ്സ് ദൗത്യം പരാജയപ്പെട്ടതോടെ ഭാവിയെക്കുറിച്ച് കോൺഗ്രസിനുള്ളിൽ അഭിപ്രായവ്യത്യാസമുണ്ടായി. യുദ്ധത്തിനുശേഷം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ തയാറാണെന്ന് ഉറപ്പു നൽകുമെങ്കിൽ ബ്രിട്ടീഷ് ഗവൺമെന്റിനോട് സഹകരിക്കാമെന്ന നിലപാടായിരുന്നു കോൺഗ്രസ് അധ്യക്ഷനായിരുന്ന മൗലാനാ അബ്ദുൾ കലാമിനും മറ്റും. നിർദിഷ്ട സംസ്ഥാനങ്ങളിൽ ഹിതപരിശോധന നടത്തി, മുസ്ലീം ലീഗിന്റെ പാക്കിസ്ഥാൻ വാദം അംഗീകരിച്ചുകൊണ്ടുതന്നെ കോൺഗ്രസ് മുസ്ലീംലീഗ് ഐക്യമുന്നണി രൂപീകരിക്കണമെന്നും അഭിപ്രായമുയർന്നു. ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ തുറന്ന കലാപം വേണമെന്നായിരുന്നു കോൺഗ്രസിലെ ഇടതുപക്ഷവിഭാഗത്തിന്റെ താൽപര്യം. സ്വാതന്ത്ര്യം ലക്ഷ്യമിട്ട് ബഹുജന നിയമലംഘന പ്രസ്ഥാനം തുടങ്ങാനായിരുന്നു ഗാന്ധിജിയുടെ തീരുമാനം. ക്വിറ്റ് ഇന്ത്യാ മുദ്രാവാക്യമുയർത്തി ലക്ഷ്യമിട്ട അക്രമരഹിതമായ ബഹുജനസമരത്തിന് കോൺഗ്രസുകാർ ഒന്നടങ്കം പിന്തുണ നൽകി. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം ഉടനെ അവസാനിപ്പിച്ച് ഇന്ത്യക്കാർക്ക് സ്വാതന്ത്ര്യം നൽകണമെന്നാവശ്യപ്പെടുന്ന ക്വിറ്റ് ഇന്ത്യ പ്രമേയം 1942 ഓഗസ്റ്റ് ആദ്യം ബോംബെയിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി അംഗീകരിച്ചു. ഈ ആവശ്യത്തെ ബ്രിട്ടീഷ് ഗവൺമെന്റ് അംഗീകരിക്കുന്നില്ലെങ്കിൽ ബഹുജന സമരത്തിന് നേതൃത്വം നൽകാൻ മഹാത്മാഗാന്ധിയെ നിയോഗിച്ചു. ബ്രിട്ടൻ ഉടനെ ഇന്ത്യ വിടണമെന്ന് സമർഥിച്ചുള്ള പ്രമേയം പാസായതിനു പിന്നാലെ ഗാന്ധിജിയും മറ്റ് കോൺഗ്രസ് നേതാക്കളും തടവിലാക്കപ്പെട്ടു. പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക എന്ന് ഗാന്ധിജി നൽകിയ മുദ്രാവാക്യം രാജ്യവ്യാപകമായി ജനങ്ങളിൽ ആവേശമുയർത്തി. രാജ്യമെങ്ങും കലാപങ്ങൾ ഉണ്ടായി. വാർത്താ വിനിമയ ബന്ധങ്ങൾ തകരാറിലായി.

പോലിസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടു. വിദ്യാർഥി സമരങ്ങളെതുടർന്ന് കോളജുകളും സ്കൂളുകളും അടച്ചിട്ടു. വ്യവസായ ശാലകളിലെ തൊഴിലാളികൾ പണിമുടക്കി. ഇതേസമയത്ത് റഷ്യ യുദ്ധത്തിൽ ചേർന്നതോടെ, ബഹുജനസമരത്തോട് അടുത്തകാലം വരെ യോജിപ്പിലായിരുന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി സമരത്തെ എതിർത്തു. സാമ്രാജ്യത്വ യുദ്ധം ജനകീയ യുദ്ധമായി മാറിയെന്നും ബ്രിട്ടീഷ് ഗവൺമെന്റിനെ സഹായിക്കേണ്ടത് ആവശ്യമാണെന്നും ഇടതുപക്ഷം വാദിച്ചു. ജയപ്രകാശ് നാരായണൻ, അച്യുത് പട്വർധൻ, അരുണ ആസഫ് അലി എന്നിവരുടെ നേതൃത്വത്തിൽ കോൺഗ്രസിലെ സോഷ്യലിസ്റ്റ് വിഭാഗം സമരത്തെ പൂർണമായി പിന്തുണച്ചു. സമരത്തെ അടിച്ചമർത്താൻ മർദനമുറകൾ ഏറെയുണ്ടായി. കോൺഗ്രസ് നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിക്കപ്പെട്ടു. 538 വെടിവെപ്പുകൾ രാജ്യത്ത് നടന്നു. കാൽലക്ഷത്തോളം ജീവനുകൾ ഹോമിക്കപ്പെട്ടു. 1943 ഫെബ്രുവരിയിൽ ഗവൺമെന്റിന്റെ മർദനനയങ്ങൾക്കെതിരെ, ജയിലിൽ കിടന്നുതന്നെഗാന്ധിജി 21 ദിവസത്തെ നിരാഹാര സത്യാഗ്രഹം നടത്തി. ഗാന്ധിയെ മോചിപ്പിക്കണമെന്ന് ആവശ്യമുയർന്നെങ്കിലും ഗവൺമെന്റ് ഇതിനോട് യോജിച്ചില്ല. സമരം പരാജയപ്പെട്ടു.

ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ ഇടതുപക്ഷത്തിന്റെ നായകനായിരുന്നു സുഭാഷ് ചന്ദ്രബോസ്. ബ്രിട്ടീഷ് ഗവൺമെന്റിനോട് സന്ധിയില്ലാസമരമെന്നതായിരുന്നു ബോസിന്റെ രാഷ്ട്രീയ നയം. 1897ൽ കൊൽക്കത്തയിൽ ജനിച്ച ബോസ് ഐ സി എസ് പരീക്ഷയിൽ ഉന്നതവിജയം നേടിയ ശേഷമാണ് ജോലി രാജിവച്ച് രാഷ്ട്രീയത്തിലെത്തിയത്.ഗാന്ധിജിയുടെ പിന്തുണയുണ്ടായിരുന്ന ഡോ. പട്ടാഭി സീതാരാമയ്യയെ തോൽപിച്ച് കോൺഗ്രസിൻെറ ത്രിപുരി സമ്മേളനത്തിന്റെ അധ്യക്ഷനായ ബോസിന് പ്രവർത്തനങ്ങളിൽ ഗാന്ധിജിയുടെയും വലതുപക്ഷ കോൺഗ്രസ് നേതാക്കളുടെയും പിന്തുണ ലഭിച്ചില്ല. അധ്യക്ഷപദം രാജിവെക്കാൻ നിർബന്ധിതനായ ഇദ്ദേഹം പിന്നീട് അച്ചടക്കലംഘനത്തിന് സംഘടനയിൽ നിന്നും പുറത്തായി.ബോസ് നേതൃത്വമെടുത്ത് ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ കക്ഷിക്ക് 1939ൽ രൂപം കൊടുത്തു. കോൺഗ്രസിലെ നിർണായക ശക്തിയായിരുന്ന ഇടതുപക്ഷം സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ ബഹുജനസമരം നടത്തി സ്വാതന്ത്ര്യം നേടിയെടുക്കാനുള്ള സുവർണാവസരമായി രണ്ടാം ലോകമഹായുദ്ധത്തെ കണ്ടു. ഗാന്ധിജി നയിക്കുന്ന വലതുപക്ഷത്തിന് ഈ നിലപാടുകൾ സ്വീകാര്യമായില്ല.യുദ്ധത്തിനിടെ പ്രഛന്നവേഷത്തിൽ കാബൂൾ - മോസ്കോവഴി ബർലിനിൽ എത്തിയ ബോസ് , ഹിറ്റ്ലറുടെ സഹായത്തോടെ, അവിടെയുള്ള ഇന്ത്യൻ സൈനിക തടവുകാരെ സംഘടിപ്പിച്ച് സ്വതന്ത്ര ഇന്ത്യൻ സൈനികവിഭാഗം രൂപീകരിച്ചു. തെക്കുകിഴക്കൻ ഏഷ്യയിലെ ജപ്പാന്റെ വിജയത്തെ തുടർന്ന് അപകടസാധ്യത വകവ

യ്ക്കാതെ മുങ്ങിക്കപ്പലിൽ ടോക്കിയോയിൽ എത്തി. അവിടത്തെ ഇന്ത്യക്കാർ നടത്തിയിരുന്ന ഇന്ത്യൻ ഇൻഡിപെൻഡൻസ്‌ലീഗിന്റെ നേതൃത്വം അദ്ദേഹം ഏറ്റു. തടവുകാരാക്കപ്പെട്ട ഇന്ത്യൻ സൈനികരെ ചേർത്ത് ഇന്ത്യൻ നാഷണൽ ആർമി (ഐ.എൻ.എ) എന്ന പേരിൽ ജപ്പാന്റെ സഹായത്തോടെ ബ്രിട്ടീഷുകാരോട് യുദ്ധം ചെയ്യുന്നതിന് രൂപീകരിച്ച സൈനിക സംഘത്തിന്റെയും നേതാവായി.ആസാദ് ഹിന്ദ് ഗവൺമെൻറ് എന്ന പേരിൽ ഇന്ത്യയ്ക്ക് പുറത്ത് താൽക്കാലിക ഗവൺമെന്റും ബോസ് രൂപീകരിച്ചു. ഐ.എൻ.എയുടെ 'സുഭാഷ് ബ്രിഗേഡ്' 1944 ജനുവരിയിൽ റംഗൂണിൽ പ്രവേശിച്ചു. ബോസിന്റെ നേതൃത്വത്തിലുള്ള ഐ. എൻ.എ ഇന്ത്യൻ അതിർത്തികടന്ന് ഇംഫാലിനടുത്ത് എത്തി. ദൽഹി ചലോ എന്നും ജയ്ഹിന്ദ് എന്നുമുള്ള അദ്ദേഹത്തിന്റെ മുദ്രാവാക്യങ്ങൾ ഐ.എൻ.എ സൈനികരിൽ ആവേശം നിറച്ചു. സഖ്യകക്ഷികളുടെ വിജ യത്തെ തുടർന്ന് ഇന്ത്യൻ അതിർത്തിയിൽ പ്രവേശിച്ച ഐ.എൻ.എയ്ക്ക് ബർമയിലേക്കും അവിടെ നിന്നും തായ്‌ലണ്ടിനും പിൻമാറേണ്ടിവന്നു. ബോസ് തന്റെ അനുയായികൾക്ക് അവരുടെ രക്തത്തിന് പകരമായി സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ യുദ്ധത്തിന്റെ അവസാനം അവരുടെ പ്രതീക്ഷകൾ തകർന്നു. 1945 മേയിൽ ഐ.എൻ.എ റംഗൂണിൽ കീഴടങ്ങി. ജാപ്പനീസ് പ്ലെയിനിൽ സെയ്ഹോണിലേക്ക് പോയെ ങ്കിലും ഫോർമോസയിൽ വച്ച് വിമാന അപകടത്തിൽ ബോസ് മരണമടഞ്ഞു. ഐ എൻ എയിലെ അംഗ ങ്ങൾക്ക് പിന്നീട് പൊതുമാപ്പ് പ്രഖ്യാപിച്ചു.സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പടയാളികളായി അവരെയും കണക്കാക്കുന്നു.

1944 മെയ് മാസത്തിൽ തന്നെ ഗാന്ധിജിയും നെഹ്റുവും മറ്റ് കോൺഗ്രസ് നേതാക്കളും ജയിൽ മോചി തരായിരുന്നു. 1945മേയിൽ ജപ്പാന്റെയും ജർമനിയുടെയും കീഴടങ്ങലോടെയും സഖ്യകക്ഷികളുടെ വിജയ ത്തോടെയും യുദ്ധം അവസാനിച്ചു. ഇതോടെ ഇന്ത്യക്കാർ സ്വാതന്ത്ര്യത്തിനായി മുറവിളികൂട്ടി. ബ്രിട്ടീഷു കാർ ആലോചനകളിലായി. പാക്കിസ്ഥാൻ രൂപീകരണത്തിനുവേണ്ടിയുള്ള വാദങ്ങളും തകൃതിയായിനട ന്നുകൊണ്ടിരുന്നു ഇക്കാലത്ത്.19-ാം ശതാബ്ദത്തിൽ സർ സയ്യദ് അഹമ്മദ് ഖാന്റെ നേതൃത്വത്തിലുള്ള അലിഗർ പ്രസ്ഥാനം ദ്വിരാഷ്ട്രസിദ്ധാന്തത്തിനു വിത്തു പാകിയിരുന്നു. 1930ൽ അലഹബാദിൽ നടന്ന മുസ്ലീംലീഗിന്റെ വാർഷിക സമ്മേളനത്തിൽ പ്രശസ്ത കവിയായ മുഹമ്മദ് ഇക്ബാലും പഞ്ചാബ്, സിൻഡ്, ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറൻ സംസ്ഥാനം എന്നീ പ്രദേശങ്ങളടങ്ങിയ പ്രത്യേക മുസ്ലീം രാഷ്ട്രത്തി നായി ശബ്ദമുയർത്തി. കേംബ്രിഡ്ജ് സർവകലാശാലാ വിദ്യാർഥിയായിരുന്ന റഹ്മത്ത് അലി എന്ന മുസ്ലീം യുവാവ് ഈ രാഷ്ട്രത്തിന് പാക്കിസ്ഥാൻ എന്ന പേരും നിർദേശിച്ചു. മുസ്ലീം രാഷ്ട്രമെന്ന സ്വപ്നത്തിനു വേണ്ടിജീവിച്ച് ഇന്ത്യയുടെ ആത്മാവിനു മുറിവേൽപിച്ച് പാക്കിസ്ഥാൻ നേടിയെടുത്ത മുഹമ്മദ് അലി ജിന്ന വൈചിത്ര്യങ്ങളുടെ മനുഷ്യനായിരുന്നു എന്ന് ചരിത്രം പറയുന്നു.

1933ലെ വസന്തത്തിൽ ലണ്ടനിലെ വാർഡോർഫ് ഹോട്ടലിൽ നടന്ന ഒരു അത്താഴവിരുന്നിലാണ് മുഹ മ്മദ് അലി ജിന്ന മുസ്‌ലീം രാഷ്ട്രമെന്ന ആശയത്തോട് ആദ്യമായി, അടുക്കുന്നത്. പാക്കിസ്ഥാൻ വാദം മുഴ ക്കിയ റഹ്മത്ത് അലി ഒരുക്കിയ വിരുന്നിൽ ജിന്നയും പങ്കെടുത്തിരുന്നു. പാകിസ്ഥാൻ രൂപീകരണം ലക്ഷ്യ മിട്ടുള്ള തന്റെ മോഹപ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ അലി ജിന്നയോട് ആവശ്യപ്പെട്ടെങ്കിലും ആശാവഹമായിരുന്നില്ല, അതിനോട് ജിന്നയുടെ പ്രതികരണം. അസാധ്യമായ സ്വപ്നമാണ് പാക്കിസ്ഥാ നെന്ന് അന്ന് ജിന്ന അലിയോട് പറഞ്ഞു.രാഷ്ട്രീയ ജീവിതം ആരംഭിക്കുമ്പോൾ ഹിന്ദു - മുസ്ലീം ഐക്യത്തി നുവേണ്ടിയായിരുന്നു ജിന്ന നിലകൊണ്ടത്. കത്തിയവാർ അർധദ്വീപിൽ നിന്ന് വന്നതായിരുന്നു ജിന്ന യുടെ കുടുംബം. വക്കീൽ പണി പഠിക്കാൻ ലണ്ടനിൽ പോയ ജിന്ന ഒരു ഇംഗ്ലീഷുകാരന്റെ മട്ടും ഭാവവുമാ യാണ് മടങ്ങിവന്നത്. ബോംബെയിലെ ചൂടിൽ, ഉഷ്ണമകറ്റാൻ മൂന്നും നാലും തവണ സൂട്ടുമാറ്റി അദ്ദേഹം. വീഞ്ഞും ഷാമ്പെയ്നും ബ്രാണ്ടിയും പന്നിയിറച്ചിയും അദ്ദേഹത്തിന് പ്രിയമായിരുന്നു.

കോൺഗ്രസിലെ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ബ്രിട്ടീഷുകാർക്കെതിരെ ഒരുമിപ്പിച്ച് നിർത്തുന്നതിന് വർഷങ്ങളോളം ശ്രമിച്ച ജിന്ന, ഗാന്ധി കോൺഗ്രസിന്റെ തലപ്പത്തെത്തിയതോടെ ഇടഞ്ഞു തുടങ്ങി. 1937ലെ തിരഞ്ഞെടുപ്പുകളോടെ ജിന്നയുടെ മനംമാറി. മുസ്ലീം ന്യൂനപക്ഷങ്ങളേറെയുള്ള ഇന്ത്യൻ സംസ്ഥാനങ്ങ ളിൽ ജിന്നയെയും അദ്ദേഹത്തിന്റെ മുസ്ലീം ലീഗിനെയും കോൺഗ്രസ് ഭരണപങ്കാളിയാക്കാഞ്ഞത് നീതികേ ടായി ജിന്ന കരുതി. കോൺഗ്രസ് ഭരിക്കുന്ന ഇന്ത്യയിൽ മുസ്ലീങ്ങൾക്ക് നീതി ലഭിക്കില്ലെന്ന് പറഞ്ഞ് അദ്ദേഹം കോൺഗ്രസ് വിട്ട്, മുസ്ലീം ലീഗിൽ ചേർന്ന് പാക്കിസ്ഥാൻ സിദ്ധാന്തത്തിന്റെ വക്താവായി.

മാതാപിതാക്കൾ മുസ്ലീമായിരുന്നു എന്നതൊഴിച്ചാൽ പള്ളിയോടോ മതഗ്രന്ഥമായ ഖുറാനോടോ ജിന്ന യ്ക്ക് താൽപര്യമുണ്ടായിരുന്നില്ല. അടുക്കും ചിട്ടയും ഉണ്ടായിരുന്നെങ്കിലും ആഡംബര ജീവിതത്തിനുട മയായിരുന്നു ജിന്ന.ലോകത്തിന്റെ എല്ലാഭാഗങ്ങളിൽ നിന്നും പത്രങ്ങൾ വരുത്തി വായിക്കാനിഷ്ടപ്പെട്ടു അയാൾ.. ആറടി ഉയരത്തിൽ മെലിഞ്ഞ് ദുർബലനായി കാണപ്പെട്ടെങ്കിലും അയാളുടെ മനസ് ആത്മശക്തി യുടെ പ്രതിരൂപമായിരുന്നു. ഹിന്ദുക്കളിൽ നിന്ന് വല്ലാത്ത അകലം കാത്തിരുന്ന ജിന്നയ്ക്ക് മുസ്ലീം സുഹൃ ത്തുക്കളും വിരളമായിരുന്നു.

ജിന്നയുടെ നേതൃത്വത്തിൽ ദ്വിരാഷ്ട്രവാദവുമായി മുസ്ലീം ലീഗ് ജനങ്ങൾക്കിടയിൽ പ്രചാരം തുടങ്ങി.

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതിനെ തുടർന്ന് കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചപ്പോൾ ആഹ്ലാദം പ്രകടിപ്പിക്കാൻ 1939 ഡിസംബർ 22 വിമോചനദിനമായി രാജ്യത്തെ മുസ്ലീങ്ങൾ കൊണ്ടാടി. 1940ൽ ലാഹോറിൽ ചേർന്ന മുസ്ലീം ലീഗിന്റെ വാർഷിക സമ്മേളനം വടക്കുപടിഞ്ഞാറും വടക്കുകിഴക്കുമുള്ള മുസ്ലീം ഭൂരിപക്ഷ സംസ്ഥാനങ്ങളെ ഒന്നിച്ചുചേർത്ത് ഇന്ത്യൻ മുസ്ലീങ്ങൾക്ക് അവരുടേതായ സ്വതന്ത്ര രാഷ്ട്രങ്ങൾ സ്ഥാപിക്കണമെന്ന പ്രമേയം പാസാക്കി.പിന്നീട് വടക്കുപടിഞ്ഞാറൻ പ്രവിശ്യ, പഞ്ചാബ്, ബലൂചിസ്ഥാൻ, സിൻഡ്, ബംഗാൾ എന്നീ മുസ്ലീം ഭൂരിപക്ഷസംസ്ഥാനങ്ങൾ ചേർത്ത് പാക്കിസ്ഥാൻ എന്ന പേരിൽ മുസ്ലീം രാഷ്ട്രം രൂപീകരിക്കണമെന്നും മുസ്ലീംലീഗ് ആവശ്യപ്പെട്ടു. പാക്കിസ്ഥാനുവേണ്ടി ജിന്ന വാദിച്ചുകൊണ്ടിരുന്നപ്പോളെല്ലാം ഗാന്ധി ജിന്നയെ എതിർത്തുകൊണ്ടിരുന്നു..

ഇംഗ്ലണ്ടിൽ 1945ലുണ്ടായ തിരഞ്ഞെടുപ്പിൽ ലേബർ പാർട്ടി വിജയം നേടി. ആറ്റ്ലി പ്രധാനമന്ത്രിയായി. ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ഭരണഘടനപ്രകാരം കേന്ദ്ര, സംസ്ഥാന നിയമസഭകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ എട്ട് സംസ്ഥാനങ്ങളിൽ കോൺഗ്രസ് മന്ത്രിസഭകൾ നിലവിൽ വന്നു. ബംഗാളിലും സിന്ധിലും മുസ്ലീം ലീഗ് മന്ത്രിസഭ രൂപീകരിച്ചു. വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്ത് കോൺഗ്രസ് മന്ത്രിസഭ നിലവിൽ വന്നു. പഞ്ചാബിൽ, കോൺഗ്രസ് അകാലിയൂണിയനിസ്റ്റ് കൂട്ടുമന്ത്രിസഭ രൂപീകരിച്ചു. കേന്ദ്രനിയമ സഭയിലേക്കുള്ള 30 മുസ്ലീം സീറ്റുകൾ മുസ്ലീം ലീഗിന് ലഭിച്ചു.

അധികാര കൈമാറ്റം ഇന്ത്യൻ നേതാക്കളോട് ചർച്ച ചെയ്യുന്നതിന് ബ്രിട്ടീഷ് മന്ത്രിമാരടങ്ങിയ ക്യാബിനറ്റ് മിഷൻ ഇന്ത്യയിലെത്തി. മിഷന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള നിർദേശങ്ങൾ കോൺഗ്രസ് സ്വീകരിച്ചെങ്കിലും കോൺഗ്രസിനെയും മുസ്ലീം ലീഗിനെയും തുല്യ ശക്തികളായി ഗവൺമെന്റിൽ പങ്കാളിയാക്കുന്ന നിർദേശങ്ങൾ കോൺഗ്രസ് തള്ളി.ഭാവിയിൽ പാക്കിസ്ഥാന്റെ രൂപീകരണത്തിനു കാരണമായേക്കുമെന്ന് ഭയന്ന് ക്യാബിനറ്റ് മിഷൻ പദ്ധതിയിലെ ഗ്രൂപ്പ് സംവിധാനത്തോട് ജവഹർലാൽ നെഹ്റു നിഷേധാത്മക സമീപനമാണ് സ്വീകരിച്ചത്. ഇതിനെതിരെ മുസ്ലീം ലീഗ് ഓഗസ്റ്റ് 16ന് പ്രത്യക്ഷ സമരദിനം ആചരിച്ചു. അക്രമസംഭവങ്ങളിൽ ചോരപ്പുഴകളൊഴുകി. ഇതോടെ ഗവൺമെന്റ് രൂപീകരിച്ച് അധികാരകൈമാറ്റം ത്വരിതപ്പെടുത്താൻ ബ്രിട്ടീഷ് ഗവൺമെന്റ് തയ്യാറായി. 1946 സെപ്റ്റംബർ 2ന് നെഹ്റുവിന്റെ നേതൃത്വത്തിൽ 12 അംഗ ഗവൺമെന്റ് അധികാരമേറ്റു. ആദ്യം വിട്ടുനിന്നെങ്കിലും ലീഗ് പിന്നീട് ഗവൺമെന്റിൽ ചേർന്നു. ഇടക്കാല ഗവൺമെന്റിനെ പാകിസ്ഥാനുവേണ്ടിയുള്ള പ്രത്യക്ഷ സമരപരിപാടിയുടെ സമരമുഖമായി കണ്ട മുസ്ലീം ലീഗ് ഭരണരംഗത്ത് അസ്വസ്ഥതകളുണ്ടാക്കി. സ്ഥിതിഗതികൾ വഷളായതോടെ ഇന്ത്യാ വിഭജനമാണ് നല്ലതെന്ന് പൊതുവേ എല്ലാ കേന്ദ്രങ്ങളും അംഗീകരിച്ചു. വിഭജനം മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കൂ എന്ന് 1946 നവംബറിൽ ജിന്ന ആവർത്തിച്ച് വ്യക്തമാക്കി. ഇതോടെ തങ്ങൾ അധികാരം കൈമാറി 1948 ജൂണിൽ ഇന്ത്യ വിടുന്നതാണെന്ന് ബ്രിട്ടീഷ് ഗവൺമെന്റ് പ്രഖ്യാപിച്ചു.

ബ്രിട്ടന്റെ ഇന്ത്യാ സാമ്രാജ്യം ഇല്ലാതാക്കുക എന്ന ദൗത്യവുമായി ഇന്ത്യയുടെ അവസാന വൈസ്രോയിയാകാൻ ബ്രിട്ടീഷ് പ്രധാനമന്ത്രി നിയോഗിച്ചത് ലൂയി മൗണ്ട് ബാറ്റനെയായിരുന്നു."വളരെയേറെ പറഞ്ഞുകേട്ടിട്ടുള്ള, സ്വപ്നം കണ്ടിട്ടുള്ള, വായിച്ചറിഞ്ഞിട്ടുള്ള നാടാണ് ഇന്ത്യ." . ആദ്യമായിഇന്ത്യൻ മണ്ണിൽ 1921 നവംബർ 17ന് കാലുകുത്തിയ മൗണ്ട് ബാറ്റൻ ഡയറിയിൽ എഴുതി. വിക്ടോറിയ രാജ്ഞിയുടെ പൗത്രിയായിരുന്ന ഹെസിലെ വിക്ടോറിയ രാജകുമാരിയുടെയും അവരുടെ മാതുലപുത്രനും ഭർത്താവുമായ ബാറ്റൺബർഗിലെ ലൂയി രാജകുമാരന്റെയും നാലാമത്തെ പുത്രനായിരുന്നു മൗണ്ട് ബാറ്റൺ. ബാല്യകാലത്തു തന്നെ നാവിക സേനാ ഓഫിസറായി അദ്ദേഹം ജോലി ചെയ്തു. സദാ ഉല്ലാസവാനും ശാന്തനുമായിരുന്ന മൗണ്ട്ബാറ്റൻ ജനങ്ങൾക്ക് എന്നും പ്രിയപ്പെട്ടവനായിരുന്നു.നൃത്തത്തിലും സൽക്കാരങ്ങളിലും പോളോ മത്സരങ്ങളിലും സമയം ചെലവഴിച്ചിരുന്നുവെങ്കിലും ഗൗരവസ്വഭാവമുള്ള നാവിക ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. പുതിയ വൈസ്രോയിക്കും ഉദ്യോഗസ്ഥർക്കുമുള്ള മാർഗനിർദേശങ്ങളും രേഖകളും അദ്ദേഹം ബ്രിട്ടനിൽ നിന്ന് കൊണ്ടുവന്നു. ബ്രിട്ടന് ഇന്ത്യയിലുള്ള പരമാധികാരം, കോമൺവെൽത്തിനകത്ത് നിൽക്കാൻ തയാറുള്ള ഏകീകൃത സ്വതന്ത്രരാഷ്ട്രത്തിന് 1948 ജൂൺ 30നകം കൈമാറാൻ എല്ലാ ശ്രമവും നടത്തണം തുടങ്ങിയ നിർദേശങ്ങളായിരുന്നു ഇതിൽ. അധികാരമേറ്റ് 6 മാസം കഴിഞ്ഞ് ഒക്ടോബർ 1നകം ഏകീകൃത ഇന്ത്യയ്ക്ക് പൊതുസമ്മതം നേടാനാവുന്നില്ലെങ്കിൽ മറ്റെന്തെങ്കിലും പരിഹാരം നിർദേശിക്കണമെന്നും രേഖകളിലുണ്ടായിരുന്നു. 1947 മാർച്ച് 20ലെ പ്രഭാതത്തിൽ ഇന്ത്യ ഭരിക്കുന്ന അവസാന ഇംഗ്ലീഷുകാരൻ വൈസ്രോയിയായി മൗണ്ട്ബാറ്റൻ സിംഹാസനത്തിൽ ഉപവിഷ്ഠനായി. കഠിനാധ്വാനത്തിനൊപ്പം പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി അപഗ്രഥിക്കാനുള്ള ശേഷിയും അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്ത്യയുടെ ഐക്യം നിലനിർത്തണമെന്ന് അദ്ദേഹം മനസിൽ മോഹിച്ചു. രാജ്യം വിഭജന ഭീഷണി നേരിടുകയാണെന്നും എത്ര വേദനാജനകമായാലും വിഭജനം മാത്രമാണ് രാജ്യത്തെ രക്ഷിക്കാനുള്ള ഒരേയൊരു വഴിയെന്നും നെഹ്റുവും മറ്റും വിശ്വസിച്ചു. എന്നാൽ അത് തെറ്റാണെന്ന് ഉറച്ചു വിശ്വസിച്ചു ഗാന്ധിജി.മൗണ്ട്ബാറ്റൻ ഏറെ ശ്രമിച്ചെങ്കിലും മുഹമ്മദ് അലി ജിന്നയുടെ പിടിവാശിക്കു മുന്നിൽ ഏകീകൃത ഇന്ത്യയെന്ന സ്വപ്നം തകർന്നു. ജിന്നയെ ബാധിച്ചിരുന്ന ക്ഷയരോഗം കഠിനമായി അയാൾ മരണത്തിലേക്കടുത്തിരുന്നുവെന്ന കാര്യ്

വൈസ്രോയി അറിഞ്ഞിരുന്നില്ല.അറിഞ്ഞിരുന്നെങ്കിൽ ഒരുപക്ഷേ ഇന്ത്യ വിഭജിക്കപ്പെടില്ലായിരുന്നു.ഇതു പറയുമ്പോൾ വല്യപ്പച്ചന്റെ മുഖത്തും വല്ലാത്തൊരു നിരാശയുടെ നിഴൽ നിറയുന്നത് ജേക്കബ് പലവട്ടം വായിച്ചെടുത്തിട്ടുണ്ട്. പുറത്തേക്കു നോക്കിയപ്പോൾ ആകാശം മൂടിക്കെട്ടിനിൽക്കുന്നതുപോലെ തോന്നി ജേക്കബിന്.തന്റെ മനസുപോലെതന്നെയെന്ന് അയാൾ മനസിൽ കരുതി.ചിന്തകൾ വീണ്ടും ജിന്നയിലേക്കു തന്നെ തിരിച്ചെത്തി.ജിന്നയുടെ മനസ് മാറ്റുന്നതിൽ തനിക്കുണ്ടായ പരാജയത്തെ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ നിരാശയായി മൗണ്ട്ബാറ്റൻ കൊണ്ടുനടന്നിരുന്നുവെന്ന് കേട്ടിട്ടുണ്ട്..

വിഭജന നിർദേശമെത്തിയതോടെ വ്യഥയിലും മനക്ഷോഭത്തിലുമായിരുന്നു ഗാന്ധിജിയുടെ ദിനങ്ങൾ കടന്നുപോയത്. നെഹ്റുവും പട്ടേലുമടക്കമുള്ള കോൺഗ്രസ് നേതൃത്വം, തന്നിൽ നിന്ന് അകന്നു പോകുന്നതും അദ്ദേഹം തിരിച്ചറിയുന്നുണ്ടായിരുന്നു. തന്റെ ആദർശങ്ങൾ പുറന്തള്ളപ്പെട്ടതിൽ അദ്ദേഹം ഖിന്നനായി. “ഇന്നു ഞാൻ തനിച്ചായിരിക്കുന്നു. പട്ടേലും നെഹ്റുവുംകൂടി എന്നെ അവിശ്വസിക്കുന്നു. വിഭജനത്തിന് സമ്മതിച്ചാൽ സമാധാനം തിരിച്ചുവരുമെന്ന് അവരും പറയുന്നു.” ഗാന്ധിജി നിരാശയോടെ പറഞ്ഞു.

1947 ജൂൺ 3ന് വൈകിട്ട് അഖിലേന്ത്യാ റേഡിയോയുടെ ന്യൂഡൽഹി നിലയത്തിൽ നിന്ന്, ഇന്ത്യയെ വിഭജിച്ച് രണ്ട് രാഷ്ട്രമാക്കാനുള്ള തീരുമാനം മൗണ്ട് ബാറ്റനും നെഹ്റുവും ജിന്നയും ചേർന്ന് പ്രഖ്യാപിച്ചു. ഇന്ത്യൻ കരങ്ങളിലേക്ക് 1947 ഓഗസ്റ്റ് 15ന് അധികാരത്തിന്റെ അവസാനകൈമാറ്റം നടക്കുന്നതാണെന്ന് മൗണ്ട് ബാറ്റൻ പറഞ്ഞപ്പോൾ ഡൗണിംഗ് സ്ട്രീറ്റിലും ബക്കിംഗ്ഹാം കൊട്ടാരത്തിലും വൈസ്രോയിക്കൊപ്പമുണ്ടായിരുന്ന ഇന്ത്യൻ നേതാക്കളിലും പോലും, ഇത്ര വേഗത്തിൽ മൗണ്ട് ബാറ്റൻ തീരുമാനമെടുക്കുമെന്ന് ചിന്തയുണ്ടായിരുന്നില്ല. പിന്നെ വിഭജനത്തിനുള്ള ഒരുക്കങ്ങളായി. ഉപഭൂഖണ്ഡത്തിന്റെ മൂന്നിൽ രണ്ട് ഭാഗം ഇന്ത്യയ്ക്കും മൂന്നിലൊന്ന് പാക്കിസ്ഥാനുമായി വിഭജിച്ചു. അക്കാലത്ത് നേടിയ എല്ലാ സമ്പാദ്യങ്ങളും ഗൃഹോപകരണങ്ങളും മറ്റെല്ലാ വസ്തുക്കളും സേനയുമുൾപ്പെടെ വിഭജിക്കപ്പെട്ടു. ഇന്ത്യാവിഭജനത്തിനൊപ്പം ബംഗാളും പഞ്ചാബും വിഭജിക്കാൻ തീരുമാനമായി. പടിഞ്ഞാറൻ അതിർത്തി പ്രവിശ്യ, പശ്ചിമബംഗാൾ, പൂർവബംഗാൾ, ആസാമിലെ സിൽഹറ്റ് ജില്ല എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി സ്വതന്ത്രാധികാരമുള്ള മുസ്ലിം രാഷ്ട്രം രൂപീകരിക്കാനും അവിഭക്ത ഇന്ത്യയുടെ മറ്റ് ഭാഗങ്ങൾ ഇന്ത്യൻ യൂണിയൻ എന്ന പേരിൽ തുടരാനും തീരുമാനമായി.

വിജയ മുഹൂർത്തത്തിൽ നെഹ്റു കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയെ അഭിസംബോധന ചെയ്ത് പറഞ്ഞു. “വളരെ വർഷങ്ങൾ മുമ്പ് വിധിയോട് നാം ഒരു വാഗ്ദാനം ചെയ്തിരുന്നു. ആ വാഗ്ദാനം പൂർണമായിട്ടല്ലെങ്കിലും ഭാഗികമായി നിറവേറ്റാനുള്ള മുഹൂർത്തം സമാഗതമായിരിക്കുന്നു. ഈ അർധരാത്രിയിൽ മണി പന്ത്രണ്ട് അടിക്കുമ്പോൾ ലോകമാകെ നിദ്രയിലാണ്ടിരിക്കുന്ന വേളയിൽ ഇന്ത്യ ഉണരുകയാണ്. ജീവിതം വീണ്ടെടുത്തുകൊണ്ട് സ്വാതന്ത്ര്യത്തിനുവേണ്ടി ഇന്ത്യ ഉണർന്ന് എണീൽക്കുകയാണ്. പഴയതിൽ നിന്നും പുതിയതിലേക്ക് കാലെടുത്തു വയ്ക്കുന്ന ഒരു യുഗം അവസാനിക്കുന്നു.ദീർഘകാലങ്ങളായി അടിച്ചമർത്തി വച്ചിരുന്ന ഒരു രാഷ്ട്രത്തിന്റെ ആത്മാവ് വാചാലമാകുന്ന ചരിത്രത്തിലെ അത്യപൂർവമായ ആ നിമിഷം നമുക്കായി ഇതാ സമാഗതമായിരിക്കുന്നു. ഓഗസ്റ്റ് 14ന് അർധരാത്രി ഇന്ത്യയുടെ നക്ഷത്രചിഹ്നാങ്കിതമായ യൂണിയൻ ജായ്ക്, ഇന്ത്യൻ വൈസ്രോയിയുടെ പതാക, വൈസ്രോയി മന്ദിരത്തിലെ കൊടിമരത്തിൽ നിന്ന് താഴ്ത്തപ്പെട്ടു.ഒരു പുതിയ പ്രഭാതത്തിന്റെ വരവിനായി ശംഖനാദം മുഴങ്ങി. പച്ചയും വെളുപ്പും ചുവപ്പും നിറമുള്ള പതാകകളുയർന്നു. ഒരു യുഗത്തിന് അവസാനമായി. 14ന് ജിന്ന ഗവർണർ ജനറലായി പാക്കിസ്ഥാനും 15ന് മൗണ്ട് ബാറ്റൻ ഗവർണർ ജനറലായി തുടർന്ന് ഇന്ത്യൻ യൂണിയനും രണ്ട് സ്വതന്ത്ര ഡൊമിനിയനുകളായി അവിഭക്ത ഇന്ത്യയുടെ സ്ഥാനത്തുയർന്നു. ലിയാഖത്ത് അലിഖാന്റെ നേതൃത്വത്തിൽ പാക്കിസ്ഥാനിലും ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യൻ യൂണിയനിലും മന്ത്രിസഭകൾ അധികാരമേറ്റു.പാക് സാരഥിയായിനിന്ന് അയൽരാജ്യങ്ങളോടും ലോകത്തുള്ള എല്ലാ രാജ്യങ്ങളോടും സൗഹൃദമുണ്ടാവുമെന്ന് പ്രഖ്യാപിക്കുമ്പോഴും നിർവികാരതയുടെ തണുത്ത ഭാവമായിരുന്നു ജിന്നയുടെ മുഖത്ത് ദൃശ്യമായത്.. പാക്കിസ്ഥാൻ സിന്ദാബാദ് വിളികളും, ആഹ്ലാദാരവങ്ങളും എങ്ങുമുയർന്നു. പുതിയ സ്വാതന്ത്ര്യത്തെ ആഘോഷിക്കാൻ ജനം ഡൽഹിയിലേക്ക് ഒഴുകി. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ദുഖാചരണത്തിന്റെ ദിനമായിരുന്നു ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യ ദിനം. .സ്വാതന്ത്ര്യത്തിന്റെ ആഗമനത്തിൽ ആഹ്ലാദിക്കുന്നവരുടെ കൂട്ടത്തിൽ താനില്ലെന്ന് പറഞ്ഞ് ഗാന്ധിജി ആഘോഷങ്ങളിൽ നിന്ന് വിട്ടുനിന്നു. ഉപവാസം അനുഷ്ഠിച്ചും പ്രാർഥിച്ചും ചർക്കയിൽ നൂൽനൂറ്റിയും ഇന്ത്യൻ സ്വാതന്ത്ര്യദിനം ആചരിക്കാൻ ഗാന്ധി ആഹ്വാനം ചെയ്തു.ശിഷ്യൻമാർക്കു മധ്യേയിരുന്ന് ഇടറിയ സ്വരത്തിൽ അദ്ദേഹം ഗീതാപാരായണം നടത്തി ആശ്വാസം കണ്ടെത്തി. എന്നാൽ ജനം ആഹ്ലാദതിമിർപ്പിലായിരുന്നു. വണ്ടികൾ അന്ന് സൗജന്യമായി ഓടി. ഇന്ത്യയെ സ്വന്തം നാടായി കണ്ടിരുന്ന ബ്രിട്ടീഷുകാർ തങ്ങളുടെ പ്രിയപ്പെട്ട യൂണിയൻ ജാക്ക് പതാക പാറിപ്പറന്നിരുന്ന കൊടിമരത്തിൽ മറ്റൊരു രാഷ്ട്രപതാക പാറുന്നത് കാണാൻ കെൽപില്ലാതെ ഉള്ളിൽ മനംനൊന്ത് കരഞ്ഞു. .

വിഭജനത്തിന്റെ ശിൽപിയായി തിരഞ്ഞെടുക്കപ്പെട്ട സിറിൽ റാഡ്ക്ലിഫ് ഇന്ത്യയുടെ ഭൂപടത്തിൽ വരച്ച രേഖ ദുരന്തങ്ങളുടെ പെരുമഴ തന്നെ സൃഷ്ടിച്ചു. അമ്പതുലക്ഷം സിഖുകാരെയും ഹിന്ദുക്കളെയും പാക്കിസ്ഥാന്റെ ഭാഗമായിതീർന്ന പകുതിയിലും അമ്പതുലക്ഷത്തിലേറെ മുസ്ലീങ്ങളെ ഇന്ത്യയിൽ പെട്ട പകുതിയിലും ഈ വിഭജനരേഖ അവശേഷിപ്പിച്ചു. ഇന്ത്യയ്ക്ക് ഭ്രാന്ത് പിടിച്ച ദിനങ്ങളായിരുന്നു വിഭജനത്തെ തുടർന്ന് കടന്നുപോയത്. വർഗീയ കലാപങ്ങളുടെ കാലമാണ് അന്നുതൊട്ടിങ്ങോട്ട് ഇന്ത്യയ്ക്കും പാക്കിസ്ഥാനും. ആയിരക്കണക്കിന് ഹിന്ദുക്കളും മുസ്ലീങ്ങളും കലാപങ്ങളിൽ കൂട്ടക്കൊല ചെയ്യപ്പെട്ടു. അഭയാർഥികൾ രണ്ടു രാജ്യങ്ങിലേക്കും കൂട്ടമായി പ്രവഹിച്ചു കൊണ്ടിരുന്നു. ഹിന്ദു സിഖ് മുസ്ലിം സഹോദരങ്ങൾ പരസ്പരം മത്സരബുദ്ധിയോടെ ആക്രമിച്ചു കൊന്നുകൊണ്ടിരുന്നു. കരച്ചിലിന്റെയും അലമുറകളുടെയും ദീന സ്വരങ്ങൾ കേട്ട് വിറങ്ങലിച്ചു നിന്നു രാജ്യം.വെട്ടിമുറിക്കപ്പെട്ട പഞ്ചാബിനെയോർത്ത് വിലപിക്കുന്ന ഇന്ത്യക്കാരും ഏറെയുണ്ടായിരുന്നു. പഞ്ചാബിൽ ദുരന്തങ്ങളുടെയും മനുഷ്യ കശാപ്പിന്റെയും മണിക്കൂറുകളായിരുന്നു അത്. പാക്കിസ്ഥാന്റെ ഭാഗമായി തീർന്ന പഞ്ചാബിന്റെ പകുതിയിൽ നിന്നും അപ്പോഴൊക്കെയും ആയിരക്കണക്കിന്  ഹിന്ദുക്കൾ അലമുറയിട്ട് ഓടിയെത്തിക്കൊണ്ടിരുന്നു.

അന്നു രാത്രി അമൃത്സറിലെത്തിയ പത്താം നമ്പർ ഡൗൺ എക്സ്പ്രസിൽ മൃതദേഹങ്ങൾ നിരനിരയായി കിടന്നു. നെഹ്റുവിനും പട്ടേലിനുമുള്ള സ്വാതന്ത്ര്യദിന സമ്മാനമെന്ന് ട്രെയിനിന്റെ ബോഗികളിലൊന്നിൽ അക്രമികളിലാരോ എഴുതിവച്ചിരുന്നു. അപ്പോഴും പാട്ടുപാടി, ആഹ്ലാദാരവം മുഴക്കി പരസ്പരം ആശ്ലേഷിച്ച് സ്വാതന്ത്ര്യം ആഘോഷിക്കുന്ന ജനക്കൂട്ടം ഡൽഹി നഗരവീഥികളിൽ നിരന്നുനീങ്ങുന്നുണ്ടായിരുന്നു. ഹിന്ദു – മുസ്ലീം ഐക്യത്തിനായി ജീവിതം നീക്കിവച്ച മഹാത്മാ ഗാന്ധിയെന്ന മനുഷ്യസ്നേഹി ഹിന്ദുമത ഭ്രാന്തന്റെ കരങ്ങളാൽ വധിക്കപ്പെട്ടു. 1948ജനുവരി 30നായിരുന്നു നാഥുറാം ഗോഡ്സെ ഗാന്ധിജിയെ  വെടിവെച്ച് കൊന്നത്. അന്ന് രാജ്യം ശോകമൂകമായി. തങ്ങളുടെ് സ്വാതന്ത്ര്യത്തിന്റെ ശിൽപിയുടെ വിയോഗത്തിൽ ജനം കരഞ്ഞു കൊണ്ടിരുന്നു. അന്ന് ഓൾ ഇന്ത്യ റേഡിയോയുടെ ഉച്ചഭാഷിണിക്ക് മുന്നിൽ നിന്ന് നെഹ്റു കണ്ണീരോടെ പറഞ്ഞു. "നമ്മുടെ ജീവിതങ്ങളിൽ നിന്ന് പ്രകാശം നിഷ്ക്രമിച്ചു. സാർവത്രികമായി അന്ധകാരം നിറഞ്ഞിരിക്കുന്നു. നാം ബാപ്പു എന്ന് വിളിക്കുന്ന നമ്മുടെ പ്രിയ നേതാവ്, നമ്മുടെ രാഷ്ട്രപിതാവ് ഇല്ലാതായി. പ്രകാശം നിഷ്ക്രമിച്ചെന്ന് ഞാൻ പറഞ്ഞു. എങ്കിലും അത് തെറ്റാണ്. ഈ രാജ്യത്ത് പ്രസരിച്ചിരുന്ന പ്രകാശം, ഒരു സാധാരണ വെളിച്ചമായിരുന്നില്ല. ആയിരം കൊല്ലം കഴിഞ്ഞാലും ആ പ്രകാശം അപ്പോഴും കാണും. ലോകം അതു കാണും. എണ്ണമറ്റ ഹൃദയങ്ങൾക്ക് അത് ആശ്വാസം പകരും. എന്തെന്നാൽ തൽക്കാല സ്ഥിതിക്ക് അതീതമായ ചിലതിനെയാണ് ആ പ്രകാശം പ്രതിനിധാനം ചെയ്യുന്നത്." ലോകമെങ്ങും നിന്ന് ഗാന്ധിജിയുടെ  വിയോഗത്തിൽ അനുശോചന സന്ദേശങ്ങൾ ഒഴുകിയെത്തി.ഇന്ത്യയിലെ ഗ്രാമങ്ങളിൽ വർഗീയ വികാരങ്ങളാൽ ഒഴുകിയ ചോരപ്പുഴകൾ ഗാന്ധിയുടെ വധത്തോടെ നിന്നു. ലക്ഷക്കണക്കിന് അഭയാർഥികളെ ഇരുരാജ്യങ്ങളും പുനരധിവസിപ്പിച്ചു. വിഭജനകാലത്ത് നിരപരാധികളുടെ ചോരപ്പുഴയൊഴുകിയ പഞ്ചാബിലെ വയലുകളിൽ പിന്നീട് ഗോതമ്പും കടുകും വിളഞ്ഞു. എങ്കിലും സിറിൽ റാഡ്ക്ലിഫിന്റെ പെൻസിൽ വരച്ചിട്ട അതിർത്തിയുടെ ഇരുവശങ്ങളിലും ഇന്നും വെറുപ്പ് തളം കെട്ടി നിൽക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള ശത്രുതയായി അത് മാറിയെങ്കിലും അയൽക്കാർ അയൽക്കാരെ കൊല്ലുംവിധമുള്ള പ്രകടമായ വർഗീയതയ്ക്ക് അവസാനമായി. വൈകാതെ 1965ലും  1971ലും ഇന്ത്യയും പാക്കിസ്ഥാനും പരസ്പരം ഏറ്റുമുട്ടി.

രാഷ്ട്രീയക്കാർ ഇന്ത്യയെ വിഭജിച്ചപ്പോൾ അനേകം രാജ്യങ്ങളാക്കി ശിഥിലീകരിച്ച് ഇന്ത്യയെ തകർക്കാൻ നാട്ടുരാജാക്കന്മാർക്ക് കഴിയുമായിരുന്നു. ഇന്ത്യൻ രാജാക്കന്മാരുമായി ഉറച്ച സ്നേഹബന്ധത്തിലായിരുന്നെങ്കിലും രാജാക്കന്മാർ പ്രതീക്ഷിച്ചതു പോലെ അവരുടെ രക്ഷകനാകാൻ മൗണ്ട് ബാറ്റൻ ശ്രമിച്ചില്ല. പ്രതിഷേധ ചിന്തകളും സ്വാതന്ത്ര്യത്തിനായുള്ള അവകാശവാദങ്ങളും ഉപേക്ഷിച്ച് ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരാൻ ഓഗസ്റ്റ് 15ന് മുമ്പ് അവര് സമ്മതം  അറിയിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. നാട്ടുരാജ്യങ്ങളുമായി ഇടപെടുന്നതിന് ചുമതലപ്പെട്ട മന്ത്രി വല്ലഭായി പട്ടേലിന് മുമ്പിൽ മൗണ്ട് ബാറ്റൻ ഇതു സംബന്ധിച്ച നിർദേശം വച്ച് ചുമതലപ്പെടുത്തിരുന്നു.

ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ടിലെ (1947) ഏഴാം വകുപ്പ് പ്രകാരം ബ്രിട്ടീഷ് ചക്രവർത്തിയുടെ മേൽക്കോയ്മാധികാരവും ഇതിന്റെ പേരിൽ ഇന്ത്യയിലെ ഗവർണർ ജനറൽ നാട്ടുരാജാക്കന്മാരിൽ ചെലുത്തിയിരുന്ന അധികാരവും സ്വയം ഇല്ലാതായതായി പ്രഖ്യാപിക്കപ്പെട്ടു. നിയമപരമായി നോക്കിയാൽ 562 നാട്ടുരാജ്യങ്ങളും പരമാധികാരമുള്ള സ്വതന്ത്ര രാജ്യങ്ങളായി രൂപാന്തരം പ്രാപിക്കുമായിരുന്നു. പട്ടേൽ അഭ്യർഥിച്ചതിനെ തുടർന്ന് മൂന്ന് നാട്ടുരാജ്യങ്ങളൊഴികെ മറ്റ് രാജ്യങ്ങൾ 15ന് മുമ്പു തന്നെ ഇന്ത്യൻ യൂണിയനിൽ ചേർന്നു.  ജുനാഗഡ്, ഹൈദരാബാദ്, കാഷ്മീർ എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാതെ നിന്നെങ്കിലും സൈനിക ഇടപെടൽ വഴി  അവരെയും സർദാർ വല്ലഭായി പട്ടേൽ ഇന്ത്യൻ യൂണിയനിൽ ചേരാൻ നിർബന്ധിതരാക്കി.യൂണിയനിൽ ചേരാൻ അറച്ചുനിന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ തിരുവി

താംകൂറും ഉണ്ടായിരുന്നെങ്കിലും പിന്നീട് തിരുവിതാംകൂറും ഇന്ത്യൻ യൂണിയനിൽ ചേർന്നു..

1936 ഒക്ടോബറിൽ തിരുവിതാംകൂർ ദിവാൻ പദം ഏറ്റെടുത്ത സർ സി.പി രാമസ്വാമി അയ്യർ മികവുറ്റ ഭരണാധികാരിയെന്ന നിലയിൽ പ്രശസ്തനായിരുന്നു. കർമകുശലതയുടെയും ദീർഘവീക്ഷണത്തിന്റെയും ഭരണാധികാരിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന സർ സി.പി ദേശീയഐക്യത്തിന് വിഘാതമാകുംവിധം സ്വതന്ത്ര തിരുവിതാംകൂറിനു വേണ്ടി വാദിച്ചത് ദുരൂഹമായി തുടരുന്നുവെന്ന് വല്യപ്പച്ചൻ പറയാറുണ്ടായിരുന്നു.. സ്വതന്ത്ര തിരുവിതാംകൂർവാദത്തിലെ വില്ലനായി പറയപ്പെടുമ്പോഴും  ഇന്ത്യയുടെ ഐക്യത്തിന്റെ വക്താവായിരുന്നു സർ സി.പി എന്ന് ചരിത്രരേഖകളിൽ നിന്ന് പിന്നീട് വ്യക്തമായിട്ടുണ്ട്.അദ്ദേഹത്തിന്റെ ഭരണം കിരാത ഭരണമെന്ന് വിമർശിക്കപ്പെടുമ്പോൾ തന്നെ ഫെഡറൽ ഇന്ത്യയ്ക്കുവേണ്ടിയാണ് അദ്ദേഹം ശ്രമിച്ചതെന്നും നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി വാദിച്ചുവെന്നും ജവഹർലാൽ നെഹ്റുവിന്റെ ഡിസ്കവറി ഒഫ് ഇന്ത്യ എന്ന പുസ്തകം പറയുന്നുനാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്ര പദവി വേണമെന്ന ആശയത്തോട് അദ്ദേഹം യോജിച്ചില്ലന്നും പാക്കിസ്ഥാൻ അടക്കമുള്ള വിഭജന വാദങ്ങളെ സർ സി.പി എതിർത്തുവെന്നും നെഹ്റു പുസ്തകത്തിൽ പറയുന്നു.നാട്ടുരാജാക്കന്മാർ ബ്രിട്ടീഷ് മേൽക്കോയ്മയുമായി പണ്ടുണ്ടാക്കിയ ഉടമ്പടികൾ ആധാരമാക്കി അവകാശവാദങ്ങൾ ഉന്നയിക്കുന്നത് ശരിയല്ലെന്നായിരുന്നു സി.പി.യുടെ വാദം.

സി.പി ,തിരുവിതാംകൂർ ദിവാൻപദത്തിൽ പത്തു വർഷം തികഞ്ഞപ്പോഴാണ് 1946 ഒക്ടോബറിൽ പുന്നപ്രവയലാർ ദുരന്തം നടന്നതും ദിവാൻ ഭരണത്തിനെതിരെ ജനരോഷം ഉയർന്നതും. ഈ ഘട്ടത്തിൽ ദിവാൻ പദം ഉപേക്ഷിക്കാൻ തീരുമാനിച്ച സർ സി.പി,തിരുവനന്തപുരം വിട്ട് മദ്രാസിൽ താമസമാക്കി. ഇക്കാലത്താണ്  സെപ്റ്റംബർ 2ന്, ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല ദേശീയ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരമേറ്റത്.ഇന്ത്യക്കാർക്ക് അധികാരം കൈമാറുന്നതിനുള്ള സംഭാഷണങ്ങൾ തുടങ്ങിയതും നാട്ടുരാജ്യങ്ങളെ സ്വതന്ത്ര ഇന്ത്യയുടെ ചട്ടക്കൂടിൽ കൊണ്ടുവരുന്നതു സംബന്ധിച്ച് ചർച്ചകൾ നടന്നതും ഇക്കാലത്താണ്.. തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ ബാലരാമവർമ, തന്റെ രാജ്യത്തെ ഇന്ത്യൻ യൂണിയനുപുറത്ത് സ്വതന്ത്ര രാജ്യമായി നിലനിർത്താനുള്ള തീരുമാനമെടുത്തത് വിവാദമായി. ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രതിനിധികളോട് ഇക്കാര്യം സംസാരിക്കാൻ, മികച്ച രാജ്യതന്ത്രജ്ഞനെന്ന നിലയിലുള്ള  സർ സി.പിയുടെ കഴിവുകളിൽ വിശ്വാസമുണ്ടായിരുന്ന മഹാരാജാവ് ദൂതനെ മദ്രാസിൽ അയച്ച് ദിവസങ്ങളോളം സമ്മർദ്ദം ചെലുത്തി  സി.പിയുടെ രാജി പിൻവലിപ്പിച്ചു. തിരുവനന്തപുരത്തെത്തിയ സർ സി.പിയെ മഹാരാജാവ് പ്രേരിപ്പിച്ച് സ്വതന്ത്ര തിരുവിതാംകൂറിനു വേണ്ടി വാദിക്കാൻ നിയോഗിക്കുകയായിരുന്നു.

1947 ജൂൺ 11ന് ദിവാന്റെ ഔദ്യോഗിക വസതിയായ ഭക്തിവിലാസത്തിൽ നടത്തിയ പത്രസമ്മേളനത്തിൽ ഇന്ത്യ സ്വതന്ത്രയാകുന്ന ദിനം മുതൽ തിരുവിതാംകൂർ സ്വതന്ത്രരാജ്യമാകുമെന്ന് സർ സി.പി പ്രഖ്യാപിച്ചു. ജൂൺ 2ന് ഡൽഹിയിൽ വെച്ച് മൗണ്ട് ബാറ്റൻ പ്രഭുവിനെ ഇക്കാര്യം അറിയിച്ചുവെന്നും ദിവാൻ പറഞ്ഞു.സമ്മേളനത്തിൽ സ്വതന്ത്ര തിരുവിതാംകൂർ സംബന്ധിച്ച തീരുമാനം മഹാരാജാവ് തന്നെ എടുത്തതാണെന്നും മറ്റാരുടെയോ പ്രേരണയിലാണ് ഈ തീരുമാനമെടുത്തതെന്ന പ്രചാരണം രാജാവിനെ അപകീർത്തിപ്പെടുത്താനുദ്ദേശിച്ചാണെന്നും ദിവാൻ പറഞ്ഞു.

എന്നാൽ സ്വതന്ത്ര തിരുവിതാംകൂർ വാദം രാജാവിന്റെ അഭിപ്രായമാണന്ന് ജനം വിശ്വസിച്ചില്ല. മഹാരാജാവ് ഇങ്ങനെ വേറിട്ടൊരു തീരുമാനമെടുത്തതിന് പിന്നിൽ അമ്മ മഹാറാണി സേതു പാർവതി ഭായിക്കും പങ്കുണ്ടായിരുന്നുവെന്നാണ് സംസാരം.  തിരുവിതാംകൂർ നിലപാട് കേന്ദ്രത്തിൽ ആശങ്കയുയർത്തിയതിനെ തുടർന്ന് മൗണ്ട് ബാറ്റനോടും മറ്റും നടത്തിയ ചർച്ചയിൽ ഇന്ത്യൻ യൂണിയനിൽ ചേരാൻ സർ സി.പി സമ്മതിച്ചു. ഡൽഹി ചർച്ചകൾ കഴിഞ്ഞ് തിരുവനന്തപുരത്ത് തിരിച്ചെത്തിയ സർ സി.പി, മൗണ്ട് ബാറ്റൻ പ്രഭു നൽകിയ, രാജാവിനുള്ള കത്ത് അദ്ദേഹത്തെ ഏൽപ്പിച്ചു. സ്വീകരിക്കാനെത്തിയ ഉദ്യോഗസ്ഥരോടും മറ്റും വിവരം പറഞ്ഞെങ്കിലും പരസ്യ പ്രസ്താവന നടത്താത്തതിനാൽ ദിവാൻ സ്വതന്ത്ര തിരുവിതാംകൂർ വാദം തുടരുകയാണെന്ന് തെറ്റായ ധാരണ പരന്നു. സ്വാതി തിരുനാൾ സംഗീത അക്കാഡമിയിൽ നടന്ന ചടങ്ങിൽ കേരള സോഷ്യലിസ്റ്റ് പാർട്ടിയിലെ കെ.സി എസ് മണി  നടത്തിയ വധശ്രമത്തിൽ സർ സി.പിക്ക് പരിക്കേറ്റു.  തിരുവിതാംകൂറിന്റെ ലയനത്തിനുള്ള മഹാരാജാവിന്റെ അംഗീകാരത്തോടുകൂടി ജൂലൈ 27ന് ഡൽഹിയിലെത്തി ചർച്ചയാകാമെന്ന് കേന്ദ്രനേതാക്കളോട് പറഞ്ഞിരുന്നെങ്കിലും അനാരോഗ്യം അദ്ദേഹത്തെ തടഞ്ഞു. സർ സി.പിയുടെ മേൽ നടന്ന വധശ്രമത്തോടെയാണ് ഇന്ത്യൻ യൂണിയനിൽ ചേരാൻ തിരുവിതാംകൂർ തീരുമാനിച്ചതെന്ന ധാരണകൾ അങ്ങനെ കടന്നുകൂടി. ദിവാൻ പദം ഒഴിഞ്ഞ സി.പി, ചുമതലകളെല്ലാം നിറവേറ്റിയാണ് ഓഗസ്റ്റ് 19ന് വിമാനമാർഗം  തിരുവനന്തപുരം വിട്ട് യാത്രയായത്. വധശ്രമത്തിന് ശേഷവും തിരുവിതാംകൂറിന്റെ രാഷ്ട്രീയ ഭാവിയെക്കുറിച്ച് നടന്നിരുന്ന ചർച്ചകൾക്ക് നേതൃത്വമേകാനാണ് സർ സി.പി തിരുവനന്തപുരത്ത് തുടർന്നതെന്നാണ് രേഖകൾ തെളിയിക്കുന്നത്.

കാർ നിർത്തുന്ന ശബ്ദം കേട്ട് ജേക്കബ് തിരക്കിട്ട് പുറത്തേക്ക് ചെന്നു. അച്ചായനും അമ്മച്ചിയും ടാക്സി പിടിച്ച് റെയിൽവേ സ്റ്റേഷനിൽ നിന്നെത്തിയിരിക്കുന്നു. ഡോർ തുറന്ന് പുറത്തിറങ്ങിയ അച്ചായനോടായി ജേക്കബ് പറഞ്ഞു.

“ഒന്ന് വിളിച്ചിരുന്നെങ്കിൽ ഞാൻ സ്റ്റേഷനിലേക്ക് വരുമായിരുന്നല്ലോ അച്ചായാ”

“നിന്നെ നേരത്തെ വിളിച്ചുണർത്തേണ്ടന്ന് കരുതിയാ വിളിക്കാഞ്ഞത്.”. അച്ചായൻ പറഞ്ഞു.

“യാത്ര സുഖമായിരുന്നല്ലോ അല്ലേ? രണ്ടുപേർക്കും കുഴപ്പമൊന്നുമില്ലല്ലോ”? അമ്മച്ചിയെ സ്നേഹത്തോടെ ആശ്ലേഷിച്ച് ജേക്കബ് തിരക്കി.

“ഞങ്ങൾക്ക് കുഴപ്പമൊന്നുമില്ല. ട്രെയിൻ സമയത്ത് തന്നെ എത്തി.” അകത്തേക്ക് നോക്കിക്കൊണ്ട് അമ്മച്ചി പറഞ്ഞു.

“മേരി  നേരത്തെ പോയോ?” അച്ചായൻ ചോദിച്ചു.

“രാവിലെ ഏഴു മണിയുടെ ട്രെയിനിന്  അവൾ കോട്ടയത്തേക്ക് പോയി.കാഞ്ഞിരപ്പള്ളിയിൽ നിന്നും അച്ചായൻ സ്റ്റേഷനിലെത്തി കൂട്ടിക്കൊണ്ടുപൊക്കോളും.” ജേക്കബ് പറഞ്ഞു

.“ഞാൻ പെട്ടി എടുത്തോളാം.” അച്ചായൻ പെട്ടി എടുക്കുന്നതു കണ്ട്  ജേക്കബ് തടഞ്ഞു.

വീടിനുള്ളിലേക്ക് നടക്കുമ്പോൾ ജേക്കബ് തിരക്കി

“വല്യപ്പച്ചന് എങ്ങനെയുണ്ട് അച്ചായാ?.”

’“കുഴപ്പമൊന്നുമില്ല മോനേ, കുറച്ച് ഓർമക്കുറവുണ്ടെന്നേയുള്ളൂ, വേറെ പ്രശ്നമൊന്നുമില്ല.ഒരു കല്യാണത്തിനു പോകുന്നുവെന്നും ഞായറാഴ്ചയേ തിരിച്ചുവരൂ എന്നും പറഞ്ഞാ് ഞങ്ങൾ പോന്നത്.” സെബാസ്റ്റ്യൻ പറഞ്ഞു.

“എന്തായിത്ര ധൃതി, ഒരാഴ്ച എനിക്കൊപ്പം കഴിഞ്ഞിട്ട് മടങ്ങാം.” ജേക്കബ്.

“അത്രയും ദിവസം അപ്പച്ചനെ തനിച്ചാക്കിയാൽ ശരിയാകില്ല . ശങ്കരനെയും അമ്മിണിയെയും  അപ്പച്ചനെ നോക്കാൻ ഏൽപിച്ചാണ് ഞങ്ങൾ വന്നിരിക്കുന്നത്.”  സെബാസ്റ്റ്യൻ പറഞ്ഞു.

“നിങ്ങൾ ഒന്നും കഴിച്ചില്ലല്ലോ. വേഗം കുളിച്ചുവന്ന് കാപ്പി കുടിക്കാം. ഭക്ഷണം വേഗം റെഡിയാക്കി മേശപ്പുറത്തുവയ്ക്ക്.” ജോലിക്കാരി അമ്മിണിയോടായി ജേക്കബ് പറഞ്ഞു.

“ഞാൻ പത്രത്തിൽ എല്ലാംവായിച്ചിരുന്നു മോനേ. എന്തായാലും നാണക്കേടായി. പത്രങ്ങൾ ആഘോഷിച്ചിരിക്കുകയാണ്. ഇതുകൊണ്ടൊക്കെ പ്രശ്നം കെട്ടടങ്ങുമോ” പ്രഭാത ഭക്ഷണത്തിനിടെ സെബാസ്റ്റ്യൻ ചോദിച്ചു.

“അന്വേഷണത്തോടെ ഞാൻ നിരപരാധിയാണെന്ന് തെളിയും അച്ചായാ. അവര് പറഞ്ഞതുപോലെ ഞാൻ കൈക്കൂലിയൊന്നും വാങ്ങിയിട്ടില്ല. കുറച്ചു പണം കടം വാങ്ങിയെന്നേയുള്ളൂ.”

“എങ്ങനെ തെളിയിക്കും ജേക്കബ്?”

“ഞാൻ പറഞ്ഞതാണ് സത്യം. അത് ഞാൻ തെളിയിക്കും.” പറയുമ്പോൾ ജേക്കബിന്റെ മുഖത്ത് ആത്മവിശ്വാസം  നിറഞ്ഞിരുന്നു.

“അത് സാധിച്ചാൽ മതിയെന്നാണ് എന്റെ പ്രാർഥന.” അന്നമ്മ ഇടയ്ക്ക് കയറിപ്പറഞ്ഞു.

“ജോലിക്ക് കുഴപ്പമില്ലാതെ  പ്രശ്നങ്ങളൊന്ന് തീർന്നു കിട്ടാൻ പ്രാർഥിക്ക്.” അച്ചായൻ.

“മേരി പോയിട്ട് വിളിച്ചോ മോനേ? അവൾ നാളെ തിരിച്ചു വരുമോ? ഇന്ന് വ്യാഴാഴ്ചയാണ്. ഞങ്ങൾക്ക് ഞായറാഴ്ച തിരികെ പോകണം.” അമ്മച്ചി വിഷയം മാറ്റി.

“ മേരിയെ കുറച്ചു കഴിഞ്ഞ് വിളിക്കാം. അവൾ അവിടെ എത്താൻ സമയമാകുന്നേയുള്ളൂ.” സെറ്റിയിൽ നിന്നും പത്രമെടുത്ത് കൈയിൽ പിടിച്ച് ജേക്കബ്  പറഞ്ഞു. പ്രഭാത ഭക്ഷണത്തിനുശേഷം സെബാസ്റ്റ്യനും അന്നമ്മയും മുറിയിലേക്ക് പോയി. ജേക്കബ് വീണ്ടും സസ്പെൻഷൻ വാർത്തയിലേക്ക് തന്നെ കണ്ണുനട്ടു..

എന്തായാലും പ്രതീക്ഷിച്ചിടത്തോളം അപമാനമുണ്ടാക്കുന്നതല്ല  റിപ്പോർട്ടുകൾ. മിടുക്കനായൊരു ഐ.എ.എസ് ഉദ്യോഗസ്ഥനെന്ന നിലയിലാണ് തന്റെ പൂർവകാലചരിത്രം അവതരിപ്പിച്ചിരിക്കുന്നത്. വ്യവസായ മന്ത്രി ക്യാബിനറ്റുമായി ചർച്ച ചെയ്ത് കോർപറേഷൻ എം.ഡിയായി തനിക്കു പകരം മറ്റാരെയെങ്കിലും നിയമിച്ചേക്കുമെന്നും വാർത്തകളിൽ സൂചനയുണ്ട്. ആരോപണങ്ങളിൽ നിന്ന് മുക്തനായാൽ മറ്റേതെങ്കിലും ലാവണത്തിലേക്കാകും നിയമനം.  കഴിവുള്ള  ഭരണാധികാരിയായി, നഷ്ടമായ ഇമേജും പേരും  ആദ്യം മുതലേ തിരിച്ചു പിടിക്കണം. കൈക്കൂലി വാങ്ങിയിട്ടില്ലെന്ന കാര്യം അധികാരികളെ ബോധ്യപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. പലിശ സഹിതം ലോൺ തിരിച്ചു നൽകണം. മേരിയുടെ പിതാവിന് മാത്രമേ ഈ പ്രതിസന്ധിഘട്ടത്തിൽ സഹായിക്കാനാകൂ. ജേക്കബിന്റെ മനസ് പ്രശ്നങ്ങളിൽ നിന്ന് തലയൂരാനുള്ള ശ്രമത്തിലായിരുന്നു.പെട്ടെന്ന്ഫോൺ റിംഗ് ചെയ്തു.

“ഹലോ, വ്യവസായ മന്ത്രിയുടെ ഓഫിസിൽ നിന്നാണ്”. അങ്ങേത്തലയ്ക്കലെ സ്ത്രീ ശബ്ദം പറഞ്ഞു.

‘‘ ജേക്കബിനോടൊന്ന് സംസാരിക്കാൻ പറ്റുമോ?”.

“അതെ, ജേക്കബാണ്”.അദ്ഭുതത്തോടെ അയാൾ മറുപടി നൽകി.

“എന്താ വിളിച്ചത്?”.

“മന്ത്രിക്ക് ഉടനെ താങ്കളെ കാണണമെന്നുണ്ട്. ഈ ഓഫിസ് വരെയൊന്ന് വരാമോ?”

“തീർച്ചയായും, ഉടനെ വരാം.”

“എന്നാൽ 12 മണിയോടെ എത്തുക”

“ശരി”. ഫോൺ വച്ചിട്ട് ജേക്കബ് ഒരു നിമിഷം ആലോചിച്ചു നിന്നു. എന്തിനാവും മന്ത്രി കാണണമെന്ന് പറഞ്ഞത്. ഒരു പക്ഷേ എം.ഡിയുടെ കസേരയിൽ നിന്ന് നീക്കിയെന്ന് പറയുന്നതിനാകും. എന്തായാലും മന്ത്രിയോട് സത്യം പറയാനുള്ള അവസരമാണിത്. ജേക്കബ് ്അച്ചായന്റെയും അമ്മച്ചിയുടെയും അടുത്തേക്ക് ചെന്നു് വിവരം പറഞ്ഞു..“ വ്യവസായ മന്ത്രി 12 മണിയോടെ എന്നെ കാണാൻ ആഗ്രഹിക്കുന്നു. ഞാൻ പോയിട്ട് വരാൻതാമസിച്ചാൽ ഭക്ഷണം കഴിച്ചോളൂ.”

. “അതു കുഴപ്പമില്ല. ഞങ്ങൾ നീ വന്നിട്ടേഭക്ഷണം കഴിക്കൂ. മന്ത്രിയോട് കാര്യങ്ങളെല്ലാം പറയണം. നിരപരാധിത്വം തെളിയിക്കാനുള്ള അവസരമാണിത്.” അപ്പച്ചനും അമ്മച്ചിയും ഒരേസ്വരത്തിൽ പറഞ്ഞു.

“ശരി അച്ചായാ, ഞാൻ പരമാവധി ശ്രമിക്കാം”. അയാൾ വാതിലടച്ച് പുറത്തു കടന്നു.മന്ത്രിയുടെ ഓഫിസിന് പുറത്ത് ജേക്കബ് കാത്തിരുന്നു. അൽപസമയം കഴിഞ്ഞ് മന്ത്രിയുടെ പി.എ പുറത്തേക്ക് വന്നു ജേക്കബിനെ വിളിച്ചു. ധൈര്യത്തോടെ അയാൾ അകത്തേക്ക് കയറി.

“ഇരിക്കൂ” ജേക്കബ് ഇരുന്നു.

“ഒരിക്കലും ഇങ്ങനെയൊരു അവസ്ഥയിൽ ജേക്കബിനെ ഞാൻ പ്രതീക്ഷിച്ചില്ല. കഠിനാധ്വാനവും ആത്മാർത്ഥതയുമുള്ള ഓഫിസർ എന്ന നിലയിലാണ് താങ്കളെക്കുറിച്ച് ഇത്രനാളും കരുതിയത്.” മന്ത്രി പറഞ്ഞു തുടങ്ങി.

“എനിക്ക് ഇപ്പോഴും മാറ്റമൊന്നുമുണ്ടായിട്ടില്ല സർ, ഞാൻ ഒരിക്കലും കൈക്കൂലിയെക്കുറിച്ച് ചിന്തിച്ചിട്ട് പോലുമില്ല. എല്ലാം തെറ്റിദ്ധാരണയിൽ നിന്നുണ്ടായ പ്രശ്നങ്ങളാണ്”. അയാൾ വിശദീകരിച്ചു.

“വീടുപണിയുമായി ബന്ധപ്പെട്ട് എനിക്ക് കുറച്ച് പണം വേണ്ടിവന്നു. പതിവ് സംസാരത്തിനിടെ പണത്തിന്റെ ഷോർട്ടേജിനെക്കുറിച്ചു പറഞ്ഞപ്പോൾ അഞ്ചുലക്ഷം രൂപ കടമായി തരാമെന്ന് സപ്ലയർ പറഞ്ഞു. ഞാൻ കടമായി പണം വാങ്ങി. ഒരു വർഷത്തിനുള്ളിൽ പത്തുശതമാനം പലിശയോടെ തിരിച്ചു തരാമെന്ന് ഉറപ്പും കൊടുത്തു.”

“താങ്കൾ പണം വാങ്ങിയെന്ന് മറ്റാരെങ്കിലും അറിഞ്ഞിരുന്നോ.”?

“ഉവ്വ് സർ, പർച്ചേസ് ഓഫിസർക്ക് അറിയാമായിരുന്നു. മറ്റുള്ള സപ്ലയേഴ്സും അയാൾ വഴി വിവരം അറിഞ്ഞിരുന്നു”.

“പിന്നെന്താണ് കൈക്കൂലി കാശാണിതെന്ന് സപ്ലയർ പറയുന്നതിന് പിന്നിൽ?” മന്ത്രി ചോദ്യഭാവത്തിൽ ജേക്കബിനെ നോക്കി.

“സർ,കണക്കുകളിൽ കൃത്രിമം കണ്ടതിനെ തുടർന്ന് ് കോർപറേഷനിൽ ചെലവു ചുരുക്കാൻ പദ്ധതിയിട്ടിരുന്നു. സപ്ലയേഴ്സിന് നല്കിയിരുന്ന സാമഗ്രികളുടെ ലിസ്റ്റും ഇതിനായി് ഞങ്ങൾ വെട്ടിക്കുറച്ചു്.. ഭ്രാന്ത് പിടിച്ചപോലെയായിരുന്നു അതോടെ അയാളുടെ പെരുമാറ്റം. പണം ഉടനെ തിരികെ തന്നേ പറ്റൂ എന്ന് അയാൾ വാശി പിടിച്ചു. മൂന്നുമാസത്തെ സാവകാശം ചോദിച്ചെങ്കിലും സമ്മതിച്ചില്ല. അയാളിൽ നിന്ന് സാമഗ്രികൾ വാങ്ങിയാൽ ആറുമാസത്തെ സാവകാശം തരാമെന്നായിരുന്നു ഓഫർ..വെട്ടിക്കുറച്ച സാധനങ്ങൾ വീണ്ടും ഓർഡർ ചെയ്യുന്ന പ്രശ്നമില്ലെന്ന് വ്യക്തമായതോടെ അയാൾ ദേഷ്യത്തിൽ എല്ലാവരോടും പറഞ്ഞു നടന്നു, ഞാൻ കൈക്കൂലി വാങ്ങിയെന്ന്. സപ്ലയേഴ്സ് എല്ലാരും എന്നോട് ദേഷ്യത്തിലായിരുന്നു സാധനഓർഡറുകൾ റദ്ദാക്കിയതിന്.”

‘‘പർച്ചേസ് ഓഫിസർ താങ്കൾക്കുവേണ്ടി ഇക്കാര്യം സാക്ഷ്യപ്പെടുത്തുമോ?’’മന്ത്രി.‘

“അദ്ദേ ഹം പറയുമെന്നാണ് എന്റെ വിശ്വാസം.” ജേക്കബ്.

“എന്തായാലും അന്വേഷണം മുന്നോട്ടുപോയേപറ്റൂ. അതു കഴിയുംവരെ താങ്കൾ സസ്പെൻഷനിൽ നിൽക്കേണ്ടിവരും. പറ്റൂ. നാളെ ക്യാബിനറ്റ്, ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. എം.ഡിയുടെ സ്ഥാനത്തു നിന്ന് താങ്കളെ നീക്കാൻ ക്യാബിനറ്റ് തീരുമാനിച്ചേക്കും. ഇതു പറയാനാണ് ഞാൻ വിളിപ്പിച്ചത്. അങ്ങനെ വന്നാൽ മറ്റാരെയെങ്കിലും പകരം നിയമിക്കേണ്ടി വരും. താങ്കൾ എന്തു പറയുന്നു?”

“ഞാൻ തിരിച്ചുവരുംവരെ പകരക്കാരനായി എത്തുന്നയാൾ തുടരട്ടെ. ചെലവ് ചുരുക്കി വരുമാനം വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിലായിരുന്നു ഞാൻ. അത് എനിക്ക് പൂർത്തിയാക്കേണ്ടതുണ്ട്.”

“അതെനിക്കറിയാം. പക്ഷേ മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും താൽപര്യം കൂടി കണക്കിലെടുത്തേ ഇക്കാര്യം തീരുമാനിക്കാവൂ. ജേക്കബ്, താങ്കളുടെ പ്രകടനത്തിൽ ഞാൻ സന്തോഷവാനാണ് . പക്ഷേ പറയുമ്പോൾ വിഷമമുണ്ട്.. ഇപ്പോഴത്തെ സാഹചര്യത്തിൽ എനിക്കൊന്നും ചെയ്യാനാകില്ലെന്നതാണ് വാസ്തവം”.

“സർ എന്റെ നിരപരാധിത്വം മുഖ്യമന്ത്രിയെയും ക്യാബിനറ്റിനെയും ബോധ്യപ്പെടുത്തുമോ?”ജേക്കബിന്റെ കണ്ണുകളിലെ നിസഹായത ശ്രദ്ധിച്ചിട്ടെന്നോണം മന്ത്രി പറഞ്ഞു.

“ഞാൻ ശ്രമിക്കാം ജേക്കബ്. ഞാൻ നാളെ വിവരം പറയാം. അതുവരേക്കും ഈ പ്രതിസന്ധിയിൽ നിന്ന് കരകയറാനുള്ള വഴികൾ ആലോചിക്കൂ.”മന്ത്രി പറഞ്ഞു നിർത്തി.

ജേക്കബ് വീട്ടിൽ തിരിച്ചെത്തിയപ്പോൾ അച്ചായനും അമ്മച്ചിയും ലിവിംഗ് റൂമിൽ അയാളുടെ വരവും കാത്തിരുന്നിരുന്നു. മന്ത്രിയുമായി നടന്ന സംഭാഷണം ജേക്കബ് പറഞ്ഞു കേൾപ്പിച്ചു.

“മേരിയുടെ അപ്പച്ചനേ എന്തെങ്കലും ചെയ്യാനാകൂ. എനിക്ക് അദ്ദേഹത്തോടൊന്ന് സംസാരിക്കണം.” ഇങ്ങനെ പറഞ്ഞുകൊണ്ട് അയാൾ അടുക്കളയിലേക്ക് നോക്കി അന്നാമ്മച്ചേടത്തിയോടായി ഭക്ഷണം എടുത്തുവെക്കാൻ പറഞ്ഞു.ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ജേക്കബ് തിരക്കി.

“അച്ചായൻ കുമരകത്തിന് വിളിച്ചിരുന്നോ? അപ്പച്ചന് എങ്ങനെയുണ്ട്?”

“വിളിച്ചിരുന്നു. ഞങ്ങൾ കല്യാണത്തിന് പോയിരിക്കുന്നുവെന്ന് ശങ്കരൻ അപ്പച്ചനോട് പറഞ്ഞിരുന്നു.”

“എന്റെ സസ്പെൻഷൻ വാർത്ത കേട്ടാൽ അപ്പച്ചൻ വിഷമിക്കും. എന്തായാലും ഇക്കാര്യം അപ്പച്ചനോട് പറയാൻ ഉദ്ദേശിക്കുന്നില്ല.”

“ പറയണ്ട മോനെ. അറിഞ്ഞാൽ അപ്പച്ചന് ഭ്രാന്ത് പിടിക്കും.” അമ്മച്ചിയാണ് പറഞ്ഞത്.

ഭക്ഷണം കഴിഞ്ഞ് ജേക്കബ് കാഞ്ഞിരപ്പള്ളിയിലേക്ക് മേരിയെ ഫോണിൽ വിളിച്ചു. മേരിയാണ് ഫോണെടുത്തത്.

“അച്ചായൻ സ്റ്റേഷനിൽ എത്തിയിരുന്നെന്നെക്കൂട്ടാൻ. ഞങ്ങൾ കോട്ടയത്തു നിന്ന് ഭക്ഷണം കഴിച്ചു. ഇപ്പം ഇങ്ങോട്ട് വന്നു കയറിയേയുള്ളൂ”. മേരി പറഞ്ഞു.

“അച്ചായൻ എന്തു പറഞ്ഞു?”

“കാര്യങ്ങളെല്ലാം വിശദമായി ചോദിച്ചറിഞ്ഞു. എല്ലാ കാര്യങ്ങളും ഞാൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ കുടുക്കിൽ നിന്ന് എങ്ങനെ തലയൂരാമെന്ന ആലോചനയിലാണ് അച്ചായൻ . സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം എപ്പോൾ തുടങ്ങുമെന്ന് അറിയില്ല.”

മന്ത്രിയുമായുള്ള കൂടിക്കാഴ്ചയെകുറിച്ച് ജേക്കബ് മേരിയോട് പറഞ്ഞു.

“അച്ചായന്റെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് മുഖ്യമന്ത്രിയോടോ മന്ത്രിമാരോടോ സംസാരിച്ച് എം.ഡി സ്ഥാനത്ത് സ്ഥിര നിയമനം വരാതെ തടഞ്ഞാൽ നന്നായിരുന്നു. സപ്ലയറിന് പണം തിരിച്ചു നൽകാനും അച്ചായന്റെ സഹായം കൂടിയേ പറ്റൂ. അല്ലാതെ പണമെവിടെ നിന്നുണ്ടാകും. അഞ്ചരലക്ഷം രൂപയാണ് അയാൾക്ക് കൊടുക്കാനുള്ളത്”.

“അച്ചായനോടൊന്ന് നേരിട്ട് സംസാരിക്ക്. വൈകുന്നേരം വിളിച്ചാമതി. അച്ചായനിപ്പോൾ എസ്റ്റേറ്റ് ഓഫിസിലേക്ക് പോയതേയുള്ളൂ. വരുമ്പോഴേക്കും മന്ത്രിയെ കണ്ട കാര്യമൊക്കെ ഞാൻ പറഞ്ഞേക്കാം..”

” ശരി ”അയാൾ പറഞ്ഞു.

“ കാര്യങ്ങൾ ബോധ്യപ്പെടുത്തിയിട്ട് ഞാൻ നാളെത്തന്നെ അച്ചായനെയും കൂട്ടിയെത്താം.അച്ചായനും അമ്മച്ചിയും തിരുവനന്തപുരത്തു നിന്ന് വീട്ടിലെത്തിയോ?”

“അവർ രാവിലെ 9 മണിക്കേ എത്തിയിരുന്നു. ഇപ്പോൾ വിശ്രമിക്കുന്നുണ

“അവരോട് എന്റെ അന്വേഷണം പറഞ്ഞേക്കൂ, ഞങ്ങൾ നാളെ ഉച്ചയോടെ എത്തും.”

“ഇന്നുതന്നെ അത്യാവശ്യം ഫോൺവിളികൾ ചെയ്യാൻ അച്ചായനെ ഓർമിപ്പിച്ചേക്കൂ.ക്യാബിനറ്റ് തീരുമാനം അനുകൂലമാകണമെങ്കിൽ അച്ചായൻ വിചാരിച്ചാലേ പറ്റൂ.”ജേക്കബ് പറഞ്ഞു.

“ഞാൻ പരമാവധി ശ്രമിക്കാം.പിന്നെ കുറച്ച് കപ്പയും ചക്കയുമൊക്കെ എടുത്തുവച്ചിട്ടുണ്ട്.പിള്ളാരു രണ്ടും വരുന്നതല്ലേ.അവർക്ക് രണ്ടാൾക്കും കപ്പയൊക്കെ ഇഷ്ടമാ..”

“നല്ല കാര്യം.ഞാൻ വൈകുന്നേരം വിളിക്കാം.ഇല്ലെങ്കിൽ അച്ചായനോട് സംസാരിച്ചിട്ട് ഒന്നുവിളിക്ക്.ബൈ.”

ജേക്കബ് ഫോൺ വച്ചു.പിന്നെ കുറച്ചുനേരം അച്ചായനോടും അമ്മച്ചിയോടും സംസാരിച്ചിരുന്നിട്ട് മുറിയിൽ പോയി വീണ്ടും ചിന്തകളിലാണ്ടു.